(ബി) ഇതേ കാലയളവിൽ ടെലിഫോൺ ചാർജ്ജ് ഇനത്തിൽ ഓരോ മന്ത്രിക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ മൊബൈൽ ഫോണിനായി ചെലവഴിച്ച തുക എത്ര വീതമാണ്;

(ഡി) ഈ കാലയളവിൽ മന്ത്രിമാരുടെ മണ്ഡലങ്ങളിലെ വസതികളിൽ സ്ഥാപിച്ചിട്ടുള്ള ടെലിഫോൺ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി & ഡി) മറുപടി †അനുബന്ധമായി ചേർത്തിട്ടുണ്ട്.

മന്ത്രിമാരുടെ വസതികളുടെ അറ്റകുറ്റപ്പണികൾക്കും മോടിപിടിപ്പിക്കുന്നതിനുമായി ചെലവഴിച്ച തുക

13 [13] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്തെ മന്ത്രിമാരുടെ വസതികളുടെ അറ്റകുറ്റപ്പണിക്കും മോടിപിടിപ്പിക്കുന്നതിനും എന്തു തുക വീതം ചെലഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ മന്ത്രിമാരുടെ ഓഫീസുകൾ മോടിപിടിപ്പിക്കുന്നതിനായി എന്തു തുക വീതം ചെലഴിച്ചു;

(സി) മന്ത്രിമാരുടെ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) മന്ത്രിമാരുടെ ഔദ്യോഗിക വസതികളും ഓഫീസുകളും മോടിപിടിപ്പിക്കുന്നതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഔദ്യോഗിക വസതികളിൽ അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ ചെലഴിച്ച തുക അനുബന്ധം ആയും ഓഫീസുകളിൽ അത്യാവശ്യ സൗകര്യങ്ങൾ സജ്ജമാക്കിയ വകയിൽ ചെലവഴിച്ച തുക അനുബന്ധമായും വച്ചിട്ടുണ്ട്.†

(സി) വിവരം ശേഖരിച്ചു വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly